**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3816** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കണോമിക് ഒഫൻസസ് വിംഗിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന ഇക്കണോമിക് ഒഫൻസസ് വിംഗിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് Economic Offence Wing രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യ വിഭാഗം ഒരു ഐ.ജി.പി യുടെ നേതൃത്വത്തിൽ 4 റേഞ്ചുകളായി തിരിച്ച് റേഞ്ചിന്റെ ചുമതല 4 എസ്.പി മാർക്കും, 14 ജില്ലകൾ 10 യൂണിറ്റിന്റെ കീഴിൽ ഉൾപ്പെടുത്തി ഓരോ യൂണിറ്റിന്റേയും ചുമതല ഡി.വൈ.എസ്.പി മാർക്കും നൽകി ജില്ലാ ഓഫീസുകളായി രൂപീകരിച്ചിട്ടുണ്ട് |
| (ബി) | സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക കുറ്റാന്വേഷണത്തിൽ മുൻ പരിചയവുമുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ മികവ് തെളിയിച്ച അന്വേഷണ ഉദ്യോഗസ്ഥരെയാണ് സാമ്പത്തിക കുറ്റകൃത്യ അന്വേഷണ വിഭാഗത്തിൽ നിയമിച്ചിട്ടുള്ളത്. |
| (സി) | സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച എത്ര പരാതികൾ ഇപ്പോൾ നിലവിലുണ്ട്; എത്ര പരാതികളിന്മേൽ തീർപ്പ കൽപ്പിച്ചിട്ടുണ്ട്; കാലതാമസം ഒഴിവാക്കി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് 800 പരാതികൾ നിലവിലുണ്ട്. ഈ സർക്കാർ കാലയളവിൽ ( 20.05.2021 മുതൽ 04.07.2022 വരെ ) സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് ലഭിച്ച 9386 പരാതികളിൽ 5145 പരാതികളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 3441 പരാതികൾ മറ്റ് രീതിയിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസം ഒഴിവാക്കി പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ